## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547  18.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

### മുസിരിസ് ഹെറിറ്റേജ് ഗ്രീൻ വില്ലേജ്

*ചോദ്യം*

ശ്രീ. എസ്. ശർമ്മ

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

*മറുപടി*

ശ്രീ. കെ . പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പും അനുബന്ധ ഏജൻസികളും മുഖേന പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2011-12-ൽ നടപ്പിലാക്കുന്ന രണ്ടു പ്രധാനപ്പെട്ട പദ്ധതികളാണ് സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വികസന പദ്ധതിയും.വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം, ഇടവിള പച്ചക്കറി കൃഷിക്ക് ധനസഹായം, വിദ്യാലയങ്ങളിൽ പച്ചക്കറിതോട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസേചന സൗകര്യമൊരുക്കുന്നതിനും ധനസഹായം, വീട്ടു വളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യ വിത്ത്-വളം കിറ്റു വിതരണം, വിപണനയൂണിറ്റുകൾ സംഘടിപ്പിക്കുന്നതിന് ധനസഹായം എന്നിവയാണ് പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ. ഇതിന് പുറമേ ജൂലൈ മാസത്തോടെ 25 ലക്ഷം വീടുകൾക്ക് പച്ചക്കറി വിത്തു കിറ്റുകൾ അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിനായി വിതരണം ചെയ്യുന്നു.

വീട്ടു മുറ്റത്തും ടെറസ്സിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിതനഗരി ' പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ വിത്തു മുതൽ വിപണനം വരെ എല്ലാ മേഖലകളിലും കർഷകർക്ക് വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകുന്നുണ്ട്.

(ബി) വൈപ്പിൻ മണ്ഡലത്തിലെ മുസിരിസ് ഗ്രാമമായ പള്ളിപ്പുറം പഞ്ചായത്ത് " മുസിരിസ് ഹെറിറ്റേജ് ഗ്രീൻ വില്ലേജ് " എന്ന സമഗ്രമായ പച്ചക്കറികൃഷി വികസന പരിപാടിയ്ക്ക് രൂപം നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായത്തിനായി പ്രോജക്റ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ